**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2396**
**06.12.2018 ലെ മറുപടിക്ക്**

## മണ്ഡലം ആസ്തിവികസന ഫണ്ട്

| ചോദ്യം<br>ശ്രീ.എം. നൗഷാദ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എമാരുടെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് നടപടി ക്രമങ്ങളുടെ ബാഹുല്യം കാലതാമസം സൃഷ്ടിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എഡിഎഫ് പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | എം.എൽ.എമാരുടെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് നടപടി ക്രമങ്ങളുടെ ബാഹുല്യം കാലതാമസം സൃഷ്ടിക്കുന്നു എന്ന പരാതി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറിലൂടെ നടപ്പാക്കണമെന്ന നിയമസഭാ സാമാജികരുടെ ആവശ്യം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി കളക്ടറുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികളുടെ ഭരണാനുമതി ഇപ്പോൾ ജില്ലാ തലത്തിൽ തന്നെ നൽകി വരുന്നുണ്ട്. എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ടി പ്രവൃത്തിക്കുള്ള ഭരണാനുമതി ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയ്ക്കായി പുറത്തിറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് സമഗ്രമായ ഒരു ഉത്തരവ് സ.ഉ(അച്ചടി)നം. 119/2018/ധന തീയതി 04/08/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ. എ.ഡി.എഫ് പദ്ധതിപ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന നിബന്ധന കാലതാമസത്തിന് കാരണമാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) | എ.ഡി.എഫ് പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയാൽ ഫണ്ട് അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ ടെൻഡർ ചെയ്യൂ എന്ന വിവിധ നിർവ്വഹണ ഏജൻസികളുടെ പിടിവാശി അവസാനിപ്പിക്കുവാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ? | ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയാൽ ഫണ്ട് അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ ടെൻഡർ ചെയ്യൂ എന്ന വിവിധ നിർവ്വഹണ ഏജൻസികളുടെ പിടിവാശി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ.ഉ(അച്ചടി)നം.86/2017/ധന തീയതി 04/07/2017 ന്റെ ഖണ്ഡിക 4.6 പ്രകാരം പൊതുമരാമത്ത് വകുപ്പ്, ഭൂജലവകുപ്പ്, കേരള ജല അതോറിറ്റി എന്നിവയ്ക്കാണ് പ്രവൃത്തികളുടെ മുഴുവൻ തുകയും മുൻകൂറായി അനുവദിക്കുന്നത്. സർക്കാർ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികൾക്ക് സ.ഉ(പി)നം. 311/2014/ധന തീയതി 30/07/2014 ഉത്തരവനുസരിച്ചാണ് തുക അനുവദിച്ച് നൽകുന്നത്. പ്രസ്തുത ഉത്തരവ് അനുസരിച്ച് അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി അനുവദിക്കുന്നത് അടങ്കൽ തുകയുടെ 20% മാത്രമാണ്. പ്രവൃത്തന പുരോഗതിയ്ക്കനുസരിച്ചാണ് പിന്നീട് പണം അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**